REGIONAL NEWS UNIT, ALL INDIA RADIO, CALICUT
ആകാശവാണി
പ്രാദേശിക വാർത്തകൾ

തിയ്യതി: 26-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ലോക്സഭ സ്പീക്കർ തെരഞ്ഞെടുപ്പ് ഇന്ന്. മുതിർന്ന BJP നേതാവ്, ഓം ബിർളയാണ് NDA സ്ഥാനാർത്ഥി. കോൺഗ്രസിലെ കൊടിക്കുന്നിൽ സുരേഷാണ് പ്രതിപക്ഷ സ്ഥാനാർത്ഥി.
- കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ലോക്സഭയിലെ പ്രതിപക്ഷ നേതാവാകും.
- KSRTC ആരംഭിക്കുന്ന ഡ്രൈവിംഗ് സ്കൂളിന്റേയും സോളാർ പവർ പ്ലാന്റിന്റേയും സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.
- സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. കണ്ണൂരും, കാസർഗോഡും ഇന്ന് ഓറഞ്ച് ജാഗ്രത.
- ഇന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധദിനം.
- ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം.

## വാർത്തകൾ വിശദമായി

**ലോക്സഭ സ്പീക്കർ തെരഞ്ഞെടുപ്പ് ഇന്ന്. കഴിഞ്ഞ ലോക്സഭയിലെ സ്പീക്കർ കൂടിയായ മുതിർന്ന BJP എം.പി, ഓം ബിർളയാണ് NDA സ്ഥാനാർത്ഥി. മാവേലിക്കര MP**

കോൺഗ്രസിലെ കൊടിക്കുന്നിൽ സുരേഷാണ് പ്രതിപക്ഷ സ്ഥാനാർത്ഥി. രണ്ട് സ്ഥാനാർത്ഥികളും ഇന്നലെ പത്രിക സമർപ്പിച്ചു. സ്പീക്കറെ സംബന്ധിച്ച് സമവായത്തിലെത്താൻ ഗവൺമെന്റിനും പ്രതിപ ക്ഷത്തിനും കഴിയാത്ത സാഹചര്യത്തിലാണ് തെരഞ്ഞെടുപ്പ്.

ലോക്സഭാ സ്പീക്കറെ ഏകകണ്ഠമായും എതിരില്ലാതെയും തെരഞ്ഞെടുക്കണമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. സ്വാതന്ത്ര്യത്തിനു ശേഷം സ്പീക്കർ സ്ഥാനത്തേക്ക് ഇതുവരെ തെരഞ്ഞെടുപ്പ് നടന്നിട്ടില്ലെന്നും സമവായമുണ്ടാക്കാൻ ഗവൺമെന്റ് പ്രതിപക്ഷ പാർട്ടി നേതാക്കളുമായി സംസാരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം പ്രതിപക്ഷത്തിന് നൽകിയാൽ സ്പീക്കർ സ്ഥാനത്തേക്ക് NDA നോമിനിക്ക് പിന്തുണ നൽകാൻ പ്രതിപക്ഷം തയ്യാറാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പാർലമെന്റിനു പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

രാജ്യസഭാ സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെന്റ് സമ്മേളനം.

✪✪✪

ഇന്ത്യയുടെ പ്രഥമ പരിഗണയിൽ ആഫ്രിക്ക തുടരുന്നുവെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പറഞ്ഞു. ആഫ്രിക്കയുമായി രാജ്യത്തിൻറെ പങ്കാളിത്തം തന്ത്രപരമായ ആശങ്കകൾക്കും സാമ്പത്തിക നേട്ടങ്ങൾക്കും അതീതമാണെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ആഫ്രിക്ക ദിനാചരണത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ സാങ്കേതിക - സാമ്പത്തിക - സഹകരണ പദ്ധതിക്ക് കീഴിൽ ആഫ്രിക്കൻ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിലും രാജ്യം മുൻപന്തിയിലാണെന്നും ജയശങ്കർ പറഞ്ഞു.

✪✪✪

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ലോക്സഭയിലെ പ്രതിപക്ഷ നേതാവാകും. ഡൽഹിയിൽ ചേർന്ന ഇൻഡി സഖ്യയോഗത്തിലാണ് ഇതുസംബന്ധിച്ച് തീരുമാനമായത്. രാഹുൽ ഗാന്ധിയെ ലോക്സഭയിലെ പ്രതിപക്ഷ നേതാവായി നിയമിച്ചതായി കോൺഗ്രസ് പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയാ ഗാന്ധി പ്രോ-ടേം സ്പീക്കർക്ക് കത്ത് നൽകിയതായി AICC സംഘടന ജനറൽ സെക്രട്ടറി K.C.വേണുഗോപാൽ അറിയിച്ചു.

ഈ മാസം എട്ടിന് ചേർന്ന കോൺഗ്രസ് പ്രവർത്തക സമിതി ലോക്സഭയിലെ പ്രതിപക്ഷ നേതാവായി രാഹുൽ ഗാന്ധിയെ നിയമിക്കുന്നതിന് പ്രമേയം പാസാക്കിയിരുന്നു. പ്രതിപക്ഷ നേതൃസ്ഥാനം ഏറ്റെടുക്കാൻ പ്രവർത്തക സമിതി

രാഹുൽ ഗാന്ധിയോട് ഏകകണ്ഠമായി അഭ്യർത്ഥിച്ചിരുന്നതായും കെ.സി. വേണുഗോപാൽ പറഞ്ഞു.

✪✪✪

അസമിലെ സൈനിക സ്റ്റേഷനിൽ കഴിഞ്ഞ വർഷം ഡിസംബറിൽ നടന്ന ഉൾഫ ആക്രമണത്തിലെ നാല് പ്രതികൾക്കെതിരെ ദേശീയ അന്വേഷണ ഏജൻസി കുറ്റപത്രം സമർപ്പിച്ചു. കഴിഞ്ഞ വർഷം ഡിസംബർ 14നാണ് ജോർഹട്ട് ജില്ലയിലെ സൈനിക സ്റ്റേഷനിൽ നിരോധിത തീവ്രവാദ സംഘടനയായ ഉൾഫയുടെ പ്രവർത്തകർ ഗ്രാനേയ്ഡ് ആക്രമം നടത്തിയത്.

✪✪✪

KSRTC ആരംഭിക്കുന്ന ഡ്രൈവിംഗ് സ്കൂളിന്റേയും സോളാർ പവർ പ്ലാന്റിന്റേയും സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. ആനയറ KSRTC സ്വിഫ്റ്റ് ആസ്ഥാനത്ത് ഉച്ചയ്ക്ക് 12നാണ് ചടങ്ങ്.

ഉന്നത നിലവാരത്തിൽ ഡ്രൈവിംഗ് പരിശീലനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് KSRTC ഡ്രൈവിംഗ് സ്കൂളുകൾ എന്ന പുതിയ സംരംഭത്തിന് തുടക്കമിടുന്നത്. വിവിധ ഡിപ്പോകളിൽ ആധുനിക സംവിധാനങ്ങളോടെയാണ് ഇവ ആരംഭിക്കുന്നത്.

✪✪✪

ഇന്ത്യൻ എയർ ഫോഴ്സിനായി മിനിയേച്ചർ ഉപഗ്രഹം രൂപകൽപന ചെയ്യാനും വികസിപ്പിക്കാനും രാജ്യരക്ഷാ മന്ത്രാലയത്തിന്റെ മുൻനിര സംരംഭമായ ഇന്നൊവേഷൻസ്

ഫോർ ഡിഫൻസ് എക്സലൻസ് കരാർ ഒപ്പുവെച്ചു. സ്പേസ് പിക്സൽ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡുമായിട്ടാണ് കരാർ ഒപ്പുവെച്ചത്. ഇന്നൊവേഷൻസ് ഫോർ ഡിഫൻസ് എക്സലൻസിന്റെ 350-ാം കരാറാണിത്.

വലിയ ഉപഗ്രഹങ്ങളിൽ വിന്യസിച്ചിരുന്ന നിരവധി പേലോഡുകൾ ചെറുതായി രൂപപ്പെടുത്തിയാണ് ഇതിൽ സംയോജിപ്പിക്കുന്നത്. വേഗത, സാമ്പത്തിക നേട്ടം, കുറഞ്ഞ പാരിസ്ഥിതിക ആഘാതം എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

പാലക്കാട് കാഞ്ഞിരപ്പുഴ മുണ്ടൻകുന്ന് പട്ടികവർഗ ഗ്രാമത്തിൽ മൂന്നുപേർ അടുത്തടുത്ത ദിവസങ്ങളിൽ മരിക്കാനിടയായ സംഭവത്തിൽ മന്ത്രി O.R. കേളു അടിയന്തര റിപ്പോർട്ട് തേടി. മഞ്ഞപ്പിത്തം തുടങ്ങിയ ജലജന്യ രോഗങ്ങളെ തുടർന്നാണ് മരണമെന്നാണ് സൂചന.

പാലക്കാട് ജില്ലാ കലക്ടറോടും പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറോടും സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രി നിർദേശിച്ചു.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുകയാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിൽ മഞ്ഞ ജഗ്രതയും നൽകി.

ഡെസ്ക് റിപ്പോർട്ട്.....

.........വോയ്സ്.........

ഇടുക്കി മൂന്നാർ എം.ജി കോളനിയിൽ മണ്ണിടിച്ചിൽ സാധ്യതയുള്ളതിനാൽ പ്രദേശത്തെ കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. മൂന്നാർ സിഎസ്ഐ പള്ളി ഹാൾ, ആർ.സി ചർച്ച് ഓഡിറ്റോറിയം, മർച്ചന്റ് അസോസിയേഷൻ ഹാൾ എന്നിവിടങ്ങളിലാണ് ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. ദേവികുളം സബ് കളക്ടർ വി.എം ജയകൃഷ്ണൻ ക്യാമ്പിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നുണ്ട്.

കനത്ത മഴയും മണ്ണിടിച്ചിലും തുടരുന്നതിന്റെ പശ്ചാത്തലത്തിൽ ഇടുക്കി ജില്ലയിലെ ഖനന പ്രവർത്തനങ്ങളും, മണ്ണെടുപ്പും പൂർണ്ണമായും നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവിറക്കി. കല്ലാർകുട്ടി, പാംബ്ള ഡാമുകളിലെ ഷട്ടറുകൾ തുറക്കുന്നതിന് ജില്ലാ കളക്ടർ അനുമതി നൽകി. മുതിരപ്പുഴ, പെരിയാർ എന്നീ നദികളുടെ തീരങ്ങളിൽ താമസിക്കുന്നവർ അതീവ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശമുണ്ട്.

കണ്ണൂർ ജില്ലയിലെ പല ഭാഗത്തും വീശി അടിച്ച കാറ്റിൽ മരങ്ങൾ വീണ് വീടുകൾക്ക് കേടു പറ്റിയിട്ടുണ്ട്. വൈദ്യുതി തൂണുകൾ തകർന്ന് ചിലയിടങ്ങളിൽ വൈദ്യുതി വിതരണം നിലച്ചു. പരിയാരത്ത് ചില വീടുകൾക്ക് മുകളിൽ മരം വീണ് വീട് ഭാഗികമായി തകർന്നിട്ടുണ്ട്.

കണ്ണൂർ കോർപറേഷനിൽപ്പെട്ട തിലാന്നൂരിൽ വീട്ടുമതിൽക്കെട്ട് സമീപത്തെ വീട്ടിനോട് ചേർന്ന് തകർന്നുവീണു. ഇരുവീടുകളും അപകടാവസ്ഥയിലായതിനാൽ കുടുംബാംഗങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി.

എറണാകുളം ജില്ലയിൽ വിവിധ ഭാഗങ്ങളിൽ രാത്രി ശക്തമായ മഴ പെയ്തു. നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪

കനത്ത മഴയെ തുടർന്ന് ഇടുക്കി ദേവികുളം താലൂക്കിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. മൂന്നാർ ഗ്യാപ്പ് റോഡിലൂടെ യാത്ര പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഉത്തരവ് കർശനമായി നടപ്പാക്കാൻ പോലീസിന് ജില്ലാ കളക്ടർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ നാല് ദിവസം മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. കേരള തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുണ്ടെന്നും തീരദേശവാസികൾ ജാഗ്രത പുലർത്തണമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

പ്രതികൂല കാലാവസ്ഥയെ തുടർന്ന് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ ഇറങ്ങേണ്ടിയിരുന്ന എയർ ഇന്ത്യ എക്സ്പ്രസ് വിമാനം ബംഗളൂരുവിലേക്ക് തിരിച്ചുവിട്ടു. മസ്കറ്റിൽ നിന്ന് ഇന്നലെ വൈകിട്ട് എത്തിയ വിമാനമാണ് ബംഗ്ലൂരുവിലേക്ക് തിരിച്ചുവിട്ടത്. തുടർന്ന് രാത്രി 9 .30 ഓടെ വിമാനം കണ്ണൂരിലെത്തി.

✪✪✪

ഇന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധദിനം. മയക്കുമരുന്ന് ദുരുപയോഗം, അനധികൃത മരുന്ന് വ്യാപാരം എന്നിവയ്ക്കെതിരെ അവബോധമുണ്ടാക്കാനാണ് 1989 മുതൽ ജൂൺ 26 ന് ദിനാചരണം സംഘടിപ്പിക്കുന്നത്.

"The Evidence is Clear: Invest in Prevention" എന്നതാണ് ഈ വർഷത്തെ പ്രമേയം.

ദിനാചരണത്തോട് അനുബന്ധിച്ച് എക്സൈസ് വകുപ്പിന്റെയും, വിമുക്തി മിഷന്റെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി എം.ബി രാജേഷ് നിർവഹിക്കും. രാവിലെ ലഹരി വിരുദ്ധ സന്ദേശവുമായി തിരുവനന്തപുരം വെള്ളയമ്പലം മാനവീയം വീഥിയിൽ നിന്നാരംഭിക്കുന്ന സൈക്കിൾ റാലിയും, കൂട്ടയോട്ടവും എക്സൈസ് കമ്മീഷണർ മഹിപാൽ യാദവ് ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിൽ കോഴിക്കോട് ജില്ലാ ഭരണകൂടം, നശാമുക്ത് ഭാരത് അഭിയാൻ, ജില്ല സാമൂഹ്യ നീതി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ലഹരിക്കെതിരെ 'സൗഹൃദ മതിൽ' തീർക്കും. മാനാഞ്ചിറ മൈതാനത്തിന് ചുറ്റും വൈകീട്ട് നാലിന് ഒരു കിലോമീറ്റർ ദൈർഘ്യത്തിലാണ് മതിൽ തീർക്കുക. തുടർന്ന് മാനാഞ്ചിറ വലംവെച്ച് റാലി സംഘടിപ്പിക്കും.

✪✪✪

ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങൾ നാളെ തുടങ്ങും. നാളെ പുലർച്ചെ ആറിന് തരാബയിൽ ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയെ നേരിടും. രണ്ടാം സെമിയിൽ ഗയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിൽ രാത്രി എട്ടിന് ഇന്ത്യ, ഇംഗ്ലണ്ടിനെ നേരിടും. ബംഗ്ലാദേശിനെ 8 റൺസിന് പാരാജയപ്പെടുത്തിയാണ് അഫ്ഗാനിസ്ഥാൻ സെമിയിൽ പ്രവേശിച്ചത്. ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്.

ശനിയാഴ്ചയാണ് ഫൈനൽ.

✪✪✪

ടെക്ക്സാസിൽ BWF യുഎസ് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയ്ക്ക് നേട്ടം. ഇന്നലെ പുരുഷ ഡബിൾസിൽ കൃഷ്ണ പ്രസാദ് ഗരാഗ-സായ് പ്രതീക് കെ സഖ്യം ഐറിഷ് സഖ്യത്തെ തോൽപ്പിച്ചു.

ഇന്ന് വനിതാ ഡബിൾസിൽ ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് സഖ്യം ചൈനീസ് തായ്പേയി സഖ്യത്തെ നേരിടും.

✪✪✪

ക്രിക്കറ്റിലെ ഡെക് വർത്ത് ലൂയി നിയമത്തിന്റെ സ്രഷ്ടാക്കളിലൊരാളായ ഫ്രാങ്ക് ഡെക് വർത്ത് ലണ്ടനിൽ അന്തരിച്ചു. അദ്ദേഹത്തിന് 84 വയസ്സായിരുന്നു. ക്രിക്കറ്റിൽ മഴ കാരണം കളി മുടങ്ങിയാൽ വിജയികളെ കണ്ടെത്താൻ ഉപയോഗിക്കുന്ന നിയമമാണിത്.

✪✪✪

ഛത്തീസ്ഗഢിൽ മാവോയിസ്റ്റ് ആക്രമണത്തിൽ മരിച്ച CRPF കോബ്ര യൂണിറ്റിലെ ജവാൻ തിരുവനന്തപുരം പാലോട് സ്വദേശി ആർ വിഷ്ണുവിന്റെ വസതിയിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നു.

വിഷ്ണുവിന്റെ വീട് നിയമസഭാ സ്പീക്കർ A.N ഷംസീറും സന്ദർശിച്ചു.

✪✪✪

അധികാരത്തോട് ഭ്രമം ഇല്ലാതിരിക്കുന്നതാണ് നല്ലതെന്ന് ഗോവ ഗവർണർ P.S ശ്രീധരൻപിള്ള പറഞ്ഞു. കോഴിക്കോട് സിറ്റി പോലീസ് ബോംബ് സ്ക്വാഡ് സബ് ഇൻസ്പെക്ടർ അനീഷ് ചെറുപ്പ രചിച്ച ഞാറ്റുവേല എന്ന കവിതാ സമാഹാരത്തിന്റെ പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.